സര്വ്വപ്രാപ്തി സമ്പന്ന ജീവിതത്തിന്റെ വിശേഷത - അപ്രസന്നത മുക്തവും പ്രസന്നത യുക്തവും

ഇന്ന് സ്നേഹ സാഗരനായ ബാപ്ദാദ തന്റെ പ്രേമ സ്വരൂപരായ ആത്മാക്കളെയാണ് കാണുന്നത്. ഓരോരുത്തരുടെയും ഹൃദയത്തില് പരമാത്മാ സ്നേഹം മുഴുകിയിട്ടുണ്ട്. ഈ പരമാത്മാ സ്നേഹത്തിന്റെ പ്രാപ്തിയും ഈയൊരു ജന്മത്തേക്കാണ് ഉണ്ടാകുന്നത്. 83 ജന്മവും ദേവാത്മാക്കളിലൂടെയും സാധാരണ ആത്മാക്കളിലൂടെയും പാലന ലഭിച്ചു വന്നു. ചിന്തിക്കൂ, സ്മരിക്കൂ, മുഴുവന് കല്പത്തിലും ചുറ്റിക്കറങ്ങൂ. സ്വദര്ശന ചക്രധാരിയല്ലേ. ഒരു സെക്കന്റില് തന്നെ മുഴുവനും കല്പം ചുറ്റിക്കറങ്ങിയില്ലേ? 83 ജന്മങ്ങളിലും പരമാത്മ സ്നേഹം ലഭിച്ചിരുന്നുവോ? ലഭിച്ചില്ലല്ലോ. കേവലം ഈ സംഗമയുഗത്തില് അതും ഈയൊരു ജന്മത്തിലാണ് പരമാത്മാ സ്നേഹം പ്രാപ്തമാകുന്നത്. അപ്പോള് വ്യത്യാസത്തെ മനസ്സിലായോ? ആത്മാക്കളുടെ സ്നേഹവും പരമാത്മാ സ്നേഹവും തമ്മില് എത്ര വ്യത്യാസമാണ്! സാധാരണ ആത്മാക്കളുടെ സ്നേഹം നിങ്ങളെ എങ്ങോട്ടാണ് കൊണ്ടു പോയത്? എന്ത് പ്രാപ്തിയാണ് നല്കിയതെന്ന് അനുഭവം ചെയ്തതല്ലേ.. പരമാത്മാ സ്നേഹം നിങ്ങളെ നിങ്ങളെ എന്താക്കി മാറ്റുന്നു? എങ്ങോട്ട് കൊണ്ടു പോകുന്നു? തന്റെ മധുരമായ വീട്ടിലേക്കും മധുരമായ രാജധാനിയിലേക്കും. ആത്മീയ സ്നേഹം രാജ്യത്തെ നഷ്ടപ്പെടുത്തുന്നു. പരമാത്മ സ്നേഹം രാജ്യ ഭാഗ്യം നല്കുന്നു. അതും ഈയൊരു ജന്മത്തില്. അല്ലാതെ ഭാവിയിലേക്കു മാത്രമല്ലല്ലോ പുരുഷാര്ത്ഥം ചെയ്യുന്നത്. നേരിട്ടുള്ള പരമാത്മാ പ്രാപ്തി ഇപ്പോഴാണുള്ളത്. വര്ത്തമാന സമയത്തിനു മുന്നില് ഭാവി ഒന്നും തന്നെയല്ല. താങ്കള് ഗീതം പാടാറില്ലേ സ്വര്ഗ്ഗത്തില് എന്തുണ്ടാകുന്നു, എന്തുണ്ടാകുന്നില്ല.... ഇപ്പോഴത്തെ ഗീതം എന്താണ്? എന്താണോ നേടേണ്ടത് അത് നേടിക്കഴിഞ്ഞു.. അതോ നേടാന് ബാക്കിയുണ്ടോ? നേടിക്കഴിഞ്ഞോ? പാണ്ഡവര് നേടിക്കഴിഞ്ഞോ? ഈ മഹിമ ഗോപികമാരുടെതു തന്നെയാണല്ലോ.... ഈ സമയത്തെ മഹിമയാണ് അപ്രാപ്തി എന്നൊരു വസ്തു ബ്രാഹ്മണരുടെ ഖജനാവിലില്ല... ദേവതകളുടെ ഖജനാക്കളിലല്ല, ബ്രാഹ്മണരുടെ ഖജനാവില്. ഇപ്പോള് നിങ്ങളെല്ലാം ബ്രാഹ്മണരല്ലേ. അപ്രാപ്തി എന്നൊരു വസ്തുവില്ലെന്ന അനുഭവം ചെയ്യുന്നുണ്ടോ? ഈ പ്രാപ്തികളെല്ലാം തന്നെ അവിനാശിയാണ്. അല്പകാലത്തേക്കല്ല. ആര്ക്കാണോ സര്വ്വ പ്രാപ്തികളുള്ളത് അവരുടെ ജീവിതത്തില് എന്ത് വിശേഷതയാണുള്ളത്? സര്വ്വ പ്രാപ്തികളുമുണ്ട് ഒന്നു പോലും കുറവില്ലെങ്കില് അവരുടെ മുഖത്തിലും പെരുമാറ്റത്തിലും എന്ത് വിശേഷതയാണ് കാണപ്പെടുക? സദാ പ്രസന്നത. എന്തു തന്നെ സംഭവിച്ചാലും സര്വ്വ പ്രാപ്തി സമ്പന്ന ആത്മാവ് തന്റെ പ്രസന്നത ഉപേക്ഷിക്കില്ല. എപ്പോഴെങ്കിലും അപ്രസന്നതയുണ്ടെങ്കില് പരിശോധിക്കൂ അപ്രാപ്തിയുടെ അനുഭവമുണ്ടാകുന്നുണ്ടോ? അതോ സര്വ്വ പ്രാപ്തികളുമുണ്ടോ?

ഇന്നു ബാപ്ദാദ വളരെയധികം സേവാകേന്ദ്രങ്ങളും ഉപസേവാകേന്ദ്രങ്ങളും നോക്കി, വിദേശത്തിലല്ല, ദേശത്തിലുള്ള സേവാകേന്ദ്രങ്ങള് കണ്ടു. സേവാകേന്ദ്രങ്ങളില് വിശേഷ സേവാധാരികളുണ്ട്. അപ്പോള് ഇന്ന് ബാപ്ദാദ ചുറ്റിക്കറങ്ങിക്കൊണ്ട് സേവാകേന്ദ്രങ്ങളെയും സേവാധാരികളെയും കണ്ടു. ഓരോ സ്ഥാനത്തിലും ചെറുതും വലുതുമായ സ്ഥാനങ്ങളില് പരിശോധിച്ചു. എല്ലാ സേവാധാരികളും തന്റെ ശരീരം കൊണ്ടും മനസ്സു കൊണ്ടും ധനം കൊണ്ടും സേവനത്തിന്റെ സംബന്ധ സമ്പര്ക്കത്തിലേക്കു വന്നു കൊണ്ടും എത്രത്തോളം പ്രസന്നമാണ്? എന്തുകൊണ്ടെന്നാല് ഇതാണല്ലോ വിശേഷപ്പെട്ട കാര്യം. അപ്പോള് എന്താണ് കണ്ടത്?

എല്ലാവരുടെയും ശരീരം പഴയതു തന്നെയാണ്. അത് യുവാക്കളാണെങ്കിലും, മുതിര്ന്നവരാണെങ്കിലും. ചെറിയവര് മുതിര്ന്നവരെക്കാളും ചിലപ്പോള് ദുര്ബലരായി കാണപ്പെടുന്നു. അസുഖം എത്ര തന്നെ വലുതാണെങ്കിലും ഈ അസുഖത്തിന്റെ അനുഭൂതി, ഞാന് ദുര്ബലനാണ്, എനിക്ക് അസുഖമാണ്... ഇത് ഒന്നു കൂടി അസുഖത്തെ വര്ദ്ധിപ്പിക്കുന്നു. എന്തു കൊണ്ടന്നാല് ശരീരത്തിന്റെ പ്രഭാവം മനസ്സിലേക്ക് വന്നു കഴിഞ്ഞാല് ഡബിള് അസുഖമുള്ളവരായി. ശരീരം കൊണ്ടും മനസ്സ് കൊണ്ടും ഡബിള് അസുഖമുള്ളവരായി മാറിയാല് ഇടയ്ക്കിടെ ആത്മ ബോധത്തിനു പകരം അസുഖത്തിന്റെ ബോധമുള്ളവരായി മാറുന്നു. അപ്പോള് എന്താണ് കണ്ടത്? ഭൂരിഭാഗവും ശരീരത്തിന്റെ കര്മ്മക്കണക്ക് അഥവാ കര്മ്മഭോഗ് തീര്ത്തുകൊണ്ടിരിക്കുന്നു. എന്നാല് 50% പേരും ഡബിള് അസുഖമുള്ളവരും 50% പേര് സിംഗിള് അസുഖമുള്ളവരുമാണ്. അപ്പോള് എന്താണ് ആയിത്തീരേണ്ടത്? ഒരിക്കലും മനസ്സില് അസുഖത്തിന്റെ സങ്കല്പം പോലും കൊണ്ടു വരരുത് - എനിക്ക് അസുഖമാണ്, എനിക്ക് അസുഖമാണ്....

എന്നാല് സംഭവിക്കുന്നതിതാണ് എനിക്ക് അസുഖമാണെന്ന പാഠമാണ് പക്കായാകുന്നത്. ഇടയ്ക്കെ ചിലസമയങ്ങളില് അസുഖമൊന്നുമുണ്ടാകില്ല, എന്നാല് മനസ്സ് സന്തുഷ്ടമല്ലാത്തതിനാല് എനിക്ക് പുറം വേദനയാണെന്ന് ഒഴിവുകഴിവ് പറയുന്നു. എന്തുകൊണ്ടെന്നാല് ഒരുപാട് പേര്ക്ക് ഒന്നുകില് മുട്ടു വേദനയായിരിക്കും അല്ലെങ്കില് പുറം വേദനയായിരിക്കും. പലപ്പോഴും വേദനയൊന്നുമുണ്ടാകില്ല എന്നാലും പറയുന്നു, എനിക്ക് പുറം വേദനയാണെന്ന്. ഇപ്പോള് ഇതിനെ എങ്ങനെ പരിശോധിക്കാം. ഡോക്ടേര്സിന്റെ പക്കല് ഇതിനെ പരിശോധിക്കുവാനുള്ള തെര്മോമീറ്ററുണ്ടോ? പുറം വേദനയുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുവാനുള്ള തെര്മോമീറ്ററുണ്ടോ? എക്സ്റേ എടുക്കുകയാണെങ്കില് അതിലേറെ ചിലവ് വരുന്നു. അപ്പോള് എന്താണ് കണ്ടത്, ശരീരത്തക്കുറിച്ചാണ് പറയുന്നത്. ഇങ്ങനെ പല സേവാധാരികളെയും കണ്ടു. താങ്കളെല്ലാവരും സേവാധാരികളാണ്. ഇത് കേവലം ടീച്ചേഴ്സിന്റെ കാര്യമല്ല. പറയുന്നത്. താങ്കള് കുടുംബത്തിലിരിക്കുന്നവരും സേവാധാരികളാണല്ലോ. അതോ സേവാകേന്ദ്രങ്ങളിലിരിക്കുന്നവര് മാത്രമാണോ സേവാധാരികള്? പ്രവൃത്തിമാര്ഗ്ഗത്തിലിരിക്കുന്നവരും സേവാധാരികളാണ്. ഇടയ്ക്ക് ബാപ്ദാദ താങ്കളുടെ വീടുകളിലും ചുറ്റിക്കറങ്ങാറുണ്ട്. എങ്ങനെ എഴുന്നേല്ക്കുന്നു, എങ്ങനെ ഉറങ്ങുന്നു എന്നെല്ലാം കാണുന്നു? ഡബിള് ബെഡ്ഡാണോ അതോ സിംഗിള് ബെഡ്ഡാണോ? ഇതാണ് ഇന്ന് ചുറ്റിക്കറങ്ങിയതിന്റെ കാര്യം.

ഇന്നത്തെ കണക്കനുസരിച്ച് മരുന്നുകള് കഴിക്കുന്നത് വലിയ കാര്യമാണെന്ന് മനസ്സിലാക്കരുത്. എന്തുകൊണ്ടെന്നാല് വര്ത്തമാന കലിയുഗീ കാലഘട്ടത്തിലെ വളരെ ശക്തിശാലി പഴങ്ങളാണ് ഈ മരുന്നുകള്. നോക്കൂ പല നിറങ്ങളിലല്ലേ കാണുന്നത്. കലിയുഗത്തിലെ അവസാന സമയത്തെ പഴങ്ങളാണ് ഇതൊക്കെ അപ്പോള് സ്നേഹത്തോടെ കഴിക്കൂ. മരുന്നുകള് കഴിക്കുന്നത് അസുഖത്തെ ഓര്മ്മിപ്പിക്കുന്നില്ല. അഥവാ മരുന്നുകള് വളരെ ബുദ്ധിമുട്ടിയാണ് കഴിക്കുന്നതെങ്കില് ഈ ബുദ്ധിമുട്ടിന്റെ അനുഭവമാണ് അസുഖത്തെ ഓര്മ്മിപ്പിക്കുന്നത്. ശരീരത്തെ നടത്തിക്കുന്നതിനായി ഈ മരുന്ന് ഒരു ശക്തി നിറച്ചു തരികയാണെന്നുള്ള സ്മൃതിയോടെ കഴിക്കുകയാണെങ്കില് മരുന്ന് അസുഖത്തെ ഓര്മ്മിപ്പിക്കുകയില്ല. കേവലം രണ്ടു മൂന്നു ദിവസം മരുന്നു കഴിച്ചാല് അസുഖം മാറുമെന്ന സന്തോഷം നല്കുന്നു. ഇന്നത്തെക്കാലത്ത് ഇത് വളരെ പുതിയ ഒരു ഫാഷനാണ്, കലിയുഗത്തില് ഏറ്റവും കൂടുതല് കണ്ടു പിടുത്തങ്ങള് ഇന്നത്തെക്കാലത്ത് മരുന്നുകളും വ്യത്യസ്ത തെറാപ്പികളുമാണ്. ഈ തെറാപ്പികളും കലിയുഗീ സീസണിലുള്ള ശക്തിശാലി ഫലമാണ്, അതിനാല് പരിഭ്രമിക്കേണ്ടതായ ആവശ്യമില്ല. എന്നാല് മരുന്നിന്റെ ബോധത്തില് അഥവാ അസുഖത്തിന്റെ ബോധത്തിലിരുന്ന് കഴിക്കരുത്. അപ്പോള്ശരീരത്തിന്റെ അസുഖമുണ്ടാകുക എന്നുള്ളത് പുതിയ കാര്യമല്ല. അസുഖമുണ്ടാകുക തന്നെ വേണം. അതിനാല് അസുഖത്തെക്കണ്ട് പരിഭ്രമിക്കരുത്. അസുഖം വന്നാല് ആ സമയം എന്തെങ്കിലും പഴങ്ങള് കഴിപ്പിച്ച് അതിന് വിട നല്കൂ. ശരി ഇതാണ് ശരീരത്തിന്റെ റിസള്ട്ട്. പിന്നീട് എന്താണ് കണ്ടത്?

മനസ്സ്, മനസ്സില് എന്താണ് കണ്ടത്? സന്തോഷത്തിന്റെ ഒരു കാര്യം ശ്രദ്ധിച്ചു, ഭൂരിപക്ഷം മക്കള്ക്കും ബാബയോടുള്ള സ്നേഹവും സേവനത്തോടുള്ള ഉണര്വ്വും ഉത്സാഹവും മനസ്സിലുണ്ട്. ബാക്കി 25% പേരാണ് വളരെ ബുദ്ധിമുട്ടി മുന്നോട്ട് പോകുന്നത്. അത് വിട്ടു. എന്നാല് ഭൂരിഭാഗം മക്കളുടെ മനസ്സിലും ഈ ഉണര്വ്വ് കണ്ടു. ബാബയോട് സ്നേഹമുള്ളതിനാല് ഓര്മ്മയില് ശക്തിശാലി സ്ഥിതിയില് സ്ഥിതി ചെയ്യുന്നതിന്റെ മുന്നേറുന്നതിന്റെ സേവനം ചെയ്യുന്നതിന്റെ ശ്രദ്ധ വളരെയധികം വെക്കുന്നുണ്ട്. എന്നാല് കളി എന്തെന്നു വെച്ചാല്, ഓര്മ്മയുടെ സീറ്റില് നല്ല രീതിയില് ഇരിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ട്, എന്നാല് കുറച്ച് സമയം ഇരുന്നതിനു ശേഷം പിന്നീട് ഇളകാന് ആരംഭിക്കുന്നു. എങ്ങനെയാണോ ചെറിയ കുട്ടികളെ കൂടുതല് സമയം സീറ്റില് ഇരുത്താന് നോക്കിയാല് ഇളകാന് ആരംഭിക്കുന്നത്. അതുപോലെ മനസ്സ് അഥവാ നിയന്ത്രണത്തിലല്ല, ആജ്ഞയനുസരിച്ചല്ലെങ്കില്, കുറച്ചു സമയം വളരെ നന്നായിരിക്കുന്നു, സേവനവും ചെയ്യുന്നു, അതിനുശേഷം ഇടയ്ക്ക് സെറ്റാകുന്നു, ഇടയ്ക്ക് അപ്സെറ്റ്. എന്താണ് കാരണം? സെറ്റാകാന് ആഗ്രഹിക്കുന്നുണ്ടെങ്കിലും എന്തുകൊണ്ട് അപ്സെറ്റാകുന്നു? ഏകാഗ്രതയുടെ ശക്തിയുടെ കുറവ്, ദൃഢതയുടെ ശക്തിയുടെ കുറവ്. വളരെ നല്ല പദ്ധതികളുണ്ടാക്കുന്നു, ഇങ്ങനെ ഇരിക്കണം, ഈ അനുഭവം ചെയ്യണം, പിന്നീട് ഇന്ന സേവനം ചെയ്യണം എന്നൊക്കെ.. എന്നാല് കര്മ്മം ചെയ്യുന്നതിലും, പിന്നീട് ദൃഢതയുടെ ശക്തിയും കുറഞ്ഞു പോകുന്നു. മറ്റു പല കാര്യങ്ങളിലും മനസ്സും ബുദ്ധിയും പോകുന്നു. കര്മ്മത്തില് ബിസിയല്ലെങ്കിലും വ്യര്ത്ഥ സങ്കല്പം ഏറ്റവും വലിയ കാര്യമാണ്, ഇത് തന്നിലേക്ക് ആകര്ഷിക്കുന്നു. അപ്പോള് സ്ഥൂല കാര്യമില്ലെങ്കില് പോലും മനസ്സിന്റെ ദൃഢതയുടെ ശക്തി പല ഭാഗങ്ങളിലേക്ക് പോകുന്നതു കാരണം, മനസ്സും

ബുദ്ധിയും സീറ്റില് സെറ്റാകുന്നതിനു പകരം ചഞ്ചലതയിലേക്ക് വരുന്നു.

ബാപ്ദാദ താങ്കള്ക്കെല്ലാവര്ക്കുമായി എന്ത് ജോലിയാണോ നല്കിയത് അത് നോക്കിയോ? ബാപ്ദാദയുടെ പക്കല് എല്ലാ കത്തുകളും എത്തിച്ചേര്ന്നിട്ടുണ്ട്. എന്നാല് പല കുട്ടികളും വളരെയധികം ചാതുര്യമുള്ളവരാണ്. എന്ത് ചതുരതയാണ് കാണിക്കുന്നത്. കത്ത് എഴുതുന്നുണ്ട്, എന്നാല് അതില് പേര് എഴുതില്ല. ബാബയ്ക്ക് എല്ലാം അറിയാമെന്ന് വിചാരിക്കുന്നു. അറിയാം ശരി തന്നെ, എന്നാല് തന്ന ജോലി പൂര്ത്തീകരിക്കൂ. ടീച്ചര് നമ്മളോട് ഇത് എഴുതി വരൂ എന്ന് പറഞ്ഞാല് താങ്കള് പറയുകയാണ്, എനിക്ക് എന്തെല്ലാം അറിയാമെന്ന് ടീച്ചര്ക്ക് അറിയാമല്ലോ എന്ന് പറഞ്ഞാല് ടീച്ചര് അംഗീകരിക്കുമോ? പലരും പേര് എഴുതുന്നില്ല. എന്നാലും ഏത് ഗ്രൂപ്പിന് എന്ത് ജോലിയാണ് നല്കിയത്, ഭൂരിപക്ഷം പേരിലും ഈയൊരു സന്തോഷത്തിന്റെ കാര്യമാണ് കണ്ടത്, എല്ലാവരും വജ്ര ജൂബിലി ആകുമ്പോഴേക്കും ചെയ്ത് തരാമെന്ന് പറഞ്ഞിട്ടുണ്ട്. താങ്കളെല്ലാവരും അങ്ങനെ തന്നെയല്ലേ, എല്ലാവരും ജീവന്മുക്തരാകില്ലേ. അഥവാ എല്ലാ കാര്യങ്ങളില് നിന്നും മുക്തരാണെങ്കില് എന്താണ് പറയുന്നത്. ജീവന്മുക്ത അവസ്ഥ എന്നല്ലേ. അപ്പോള് എല്ലാവരും തന്റെ ധൈര്യവും ഉണര്വ്വും നല്ല രീതിയില് കാണിച്ചു. വിദേശത്തിലുള്ളവരായാലും ഭാരതത്തിലുള്ളവരായാലും എല്ലാവരിലും ഉണര്വ്വും ഉത്സാഹവുമുണ്ട്. വളരെ കുറച്ചു പേര് ഇങ്ങനെ എഴുതിയിട്ടുണ്ട്, ഞങ്ങള്ക്ക് കുറച്ചു സമയമെടുക്കുമെന്ന്. സമയമെടുത്താലും കുഴപ്പമില്ല. താങ്കള് ജീവന്മുക്തരായി മാറൂ. അപ്പോള് റിസള്ട്ടില് കണ്ടത്, ഡയമണ്ട് ജൂബിലിയില് എന്തെങ്കിലും ചെയ്ത് കാണിക്കണമെന്ന ഉണര്വ്വ് എല്ലാവരിലുമുണ്ട്. എന്നാല് ബാപ്ദാദ കണ്ടത് എത്രത്തോളം സ്വയത്തെ വജ്രമാക്കി മാറ്റണമെന്ന ഉണര്വ്വും ഉത്സാഹവുമുണ്ടോ, അത്രയും ഡയമണ്ട് ജൂബിലി വര്ഷത്തില് സേവനത്തിന്റെ പദ്ധതിയും വളരെ വേഗത്തിലാണ് ഉണ്ടാകുന്നത്. വേഗത്തില് ഉണ്ടാകുന്നതില് ബാബ വളരെയധികം സന്തുഷ്ടനാണ്. എന്നാല് ഇങ്ങനെയൊരിക്കലും പറയരുത്, വളരെയധികം സേവനത്തിന്റെ ഭാരമുണ്ടായിരുന്നു, അതിനാല് സ്ഥിതി കുറച്ച് ഇളകി. ഇത് കേള്ക്കുവാന് ബാപ്ദാദ ആഗ്രഹിക്കുന്നില്ല. സ്വയത്തെയും മറ്റുള്ളവരെയും ബുദ്ധിമുട്ടിക്കുന്ന സേവനം സേവയല്ല. സ്വാര്ത്ഥതയാണ്. എന്തെങ്കിലും സ്വാര്ത്ഥ താല്പര്യമുണ്ടാകുമ്പോഴാണ്, സ്ഥിതി കീഴ്മേല് മറിയുന്നത്. സ്വയത്തിന്റെയോ മറ്റുള്ളവരുടെയോ സ്വാര്ത്ഥത പൂര്ത്തീകരിക്കാതാകുമ്പോഴാണ് സേവനത്തില് ബുദ്ധിമുട്ടുകളുണ്ടാകുന്നത്. അതിനാല് സ്വാര്ത്ഥതയില് നിന്നും വേറിട്ടതും സര്വ്വസംബന്ധത്തിലും പ്രിയപ്പെട്ടവരുമായി സേവനം ചെയ്യൂ. അപ്പോള് വജ്രജൂബിലിയില് എന്ത് സങ്കല്പം അഥവാ ലക്ഷ്യം വെച്ചുവോ, വജ്രത്തിനു സമാനമായി വജ്രജൂബിലി ആഘോഷിക്കുമെന്ന ലക്ഷ്യം പൂര്ത്തിയാവും. പകുതി മാത്രം ഓര്മ്മിക്കരുത്. പലരും അങ്ങനെയാണ് മറുപടി നല്കുന്നത്, വജ്രജൂബിലി ആഘോഷിക്കണമല്ലോ അതില് ബിസിയായി. എന്നാല് ബാപ്ദാദയുടെ രണ്ടു വാക്കുകളും ഓര്മ്മയില് വെക്കണം. പകുതി മാത്രം ഓര്മ്മയില് വെക്കരുത്. വജ്രമായി വജ്രജൂബിലി ആഘോഷിക്കണം. കേവലം ആഘോഷിക്കുകയല്ല, വജ്രമായി ആഘോഷിക്കണം. അപ്പോള് വെറുതെ ആഘോഷിച്ചിട്ടും കാര്യമില്ല. എന്നാല് വജ്രമായി ആഘോഷിക്കൂ. വജ്രമായി ആഘോഷിക്കുകയാണ് വജ്രജൂബിലിയുടെ ലക്ഷ്യം. അപ്പോള് പകുതി ലക്ഷ്യം മാത്രം പൂര്ത്തിയാക്കരുത്. ഡബിള് ലക്ഷ്യമാണ് - ആയിത്തീരുക, ആഘോഷിക്കുക. കേവലം ആയിത്തീരുക മാത്രമല്ല, കേവലം ആഘോഷിക്കുകയും മാത്രമല്ല. രണ്ടും ഒപ്പത്തിനൊപ്പമായിരിക്കണം. താങ്കള്ക്കെല്ലാവര്ക്കും അറിയാമല്ലോ, താങ്കള് വജ്ര ജൂബിലി ആഘോഷിക്കുവാന് അഥവാ വജ്രമാകുന്നതിനുള്ള പദ്ധതി തയ്യാറാക്കുമ്പോള് താങ്കള്ക്കു മുന്നില് മായയും തന്റെ പദ്ധതികള് തയ്യാറാക്കി കൊണ്ടിരിക്കുന്നുണ്ടാകും. അതിനാല് ഒരിക്കലും ഇങ്ങനെ പറയരുത്, എന്ത് ചെയ്യും ബാബാ ധൈര്യം കുറഞ്ഞു പോയി, മായ വളരെ തീവ്രമാണ്. മായയെ ബാബയുടെ പക്കല് വെക്കൂ. താങ്കള് രാജ്യം ഭരിക്കണം, എന്നാല് മായയെ ബാബ സംരക്ഷിക്കണം. താങ്കള്ക്കല്ലേ രാജ്യം ഭരിക്കേണ്ടത്.. ? മായാജീത്ത് ജഗത്ജീത്തായി മാറേണ്ടേ. മായയെ ജയിക്കാതെ മായാജീത്തായി മാറുവാന് എങ്ങനെ സാധിക്കും? അതിനാല് നാനാവശത്തും ശ്രദ്ധ നല്കൂ. ശരി.

ചുറ്റിക്കറങ്ങിയതിന്റെ കാര്യങ്ങള് പകുതി കേള്പ്പിച്ചു, പകുതി പിന്നീട് കേള്പ്പിക്കാം. ഓരോ സേവാകേന്ദ്രങ്ങള് പലതും വളരെയധികം അലങ്കരിച്ചിരിക്കുകയായിരുന്നു, ചിലത് വളരെ ലളിതം, ചിലത് വളരെ രാജകീയവുമാണ്. ചില സേവാകേന്ദ്രങ്ങള് മദ്ധ്യ രീതിയിലും ഉണ്ടായിരുന്നു. കൂടുതലും പേര് സെന്റര് രാജകീയമായിരിക്കണം എന്നു മനസ്സിലാക്കുന്നവരാണ്, വിശിഷ്ട വ്യക്തികള് വന്നാല് അവര്ക്ക് സേവാകേന്ദ്രം നല്ലതായി തോന്നണം. എന്നാല് താങ്കള് ബ്രാഹ്മണര്ക്ക് ആദി മുതല് അന്തിമം വരെയുള്ള നിയമമാണ്, തീര്ത്തും സാധാരണവുമായിരിക്കരുത്, അത്ര രാജകീയവുമായിരിക്കരുത്. മദ്ധ്യമായിരിക്കണം. ബ്രഹ്മാബാബ വളരെയധികം സാധാരണമായാണ്

ജീവിച്ചത്. എന്നാല് ഇപ്പോള് സാധനങ്ങളുണ്ട്, സാധനങ്ങള് നല്കുന്നവരുമുണ്ട്. എന്നാലും എന്തെങ്കിലും കാര്യങ്ങള് ചെയ്യുകയാണെങ്കില് മദ്ധ്യ അവസ്ഥയില് ചെയ്യൂ. ഇങ്ങനെയും ആരും പറയരുത്, ഇതെന്താണ് ഇങ്ങനെ എന്ന്... കൂടുതല് രാജകീയമായി എന്നും ആരും പറയരുത്. അപ്പോള് ഇന്നത്തെ പാഠം എന്താണ്? എല്ലാത്തില് നിന്നും മുക്തമായില്ലേ. എല്ലാത്തില് നിന്നും മുക്തമാകുന്നതിനുള്ള പ്രതിജ്ഞ ചെയ്തില്ലേ. പക്കാ അല്ലേ, അതോ വീട്ടിലേക്ക് പോയാല് ബുദ്ധിമുട്ടാണ് എന്നു പറയുമോ? പക്ക ആയിരിക്കണം. മായയ്ക്ക് ഈ ഡയമണ്ട് ജൂബിലിയില് ആനന്ദം ചെയ്യിച്ചു കാണിക്കൂ. മാസ്റ്റര് സര്വ്വശക്തനാണ് ഒട്ടും കുറവല്ലല്ലോ..

ശരി, ഡബിള് വിദേശികളും ധാരാളം വന്നിട്ടുണ്ടല്ലോ. സ്ഥാപനയുടെ കാര്യത്തിന്റെ ഡബിള് ശോഭയാണ്. - ഡബിള് വിദേശികള്. ബാപ്ദാദയ്ക്കറിയാം എത്ര യുക്തിയോടെയും പ്രയത്നത്തോടെയുമാണ് ഇങ്ങോട്ട് വരുന്നതെന്ന്. അഥവാ ലഹരി കുറവാണെങ്കില് എത്തിച്ചേരുന്നതിനും ബുദ്ധിമുട്ടാണല്ലോ. ഒരു സമയത്ത് ബാബ കേട്ടിരുന്നു പൈസ കുറവായി എന്ന് എന്നാല് അടുത്ത പ്രാവശ്യം തന്നെ ഡബിള് വിദേശികള് കൂടുതലും വന്നിരുന്നു. ഇതാണ് ധൈര്യം. റഷ്യയിലുള്ള ഗ്രൂപ്പും വന്നിട്ടുണ്ടല്ലോ. റഷ്യയിലുള്ളവര് എവിടുന്നാണ് ടിക്കറ്റ് വാങ്ങിയത്? ഇവരുടെ കഥകള് കേള്ക്കാന് വളരെ നല്ലതാണ്. എങ്ങനെ ഇവര് ടിക്കറ്റ് ഒരുമിച്ച് സ്വരൂപിച്ചു വെക്കുന്നു... ഇവരുടെ കഥകള് നല്ലതാണ്. ഇതെല്ലാം തന്നെ സംഭവിക്കേണ്ടത് തന്നെയാണ്. എല്ലാം കടലാസുകൊണ്ട് തന്നെയാണല്ലോ നിര്മ്മിക്കുന്നത്. അത് ഡോളറാണെങ്കിലും പൗണ്ടാണെങ്കിലും കടലാസു തന്നെയാണല്ലോ. അപ്പോള് ഈ പേപ്പര് എത്രത്തോളം നിലനില്ക്കും. സ്വര്ണ്ണത്തിനു വിലയുണ്ട്, വജ്രത്തിനു വിലയുണ്ട്, പേപ്പറിനു എന്ത് വിലയാണുള്ളത്. തീര്ച്ചയായും പൈസ കുറയുക തന്നെ വേണം. അപ്പോള് താങ്കളുടെ പൈസയ്ക്കാണ് കൂടുതല് മൂല്യമുള്ളത്. ആരംഭത്തില് പത്രങ്ങളില് വന്നിരുന്നല്ലോ ഓം മണ്ഡലി റിച്ചെസ്റ്റ് ഇന് ദി വേള്ഡാണെന്ന് (ലോകത്തില് സമ്പന്നരാണ്). ഇനി വീണ്ടും നാനാവശത്തും ഇങ്ങനെയുള്ള സ്ഥൂലമാണ് ഇളക്കങ്ങള് ഉണ്ടാകും. പിന്നീട് നിങ്ങള്ക്ക് പത്രത്തില് കൊടുക്കേണ്ടതായ ആവശ്യമുണ്ടാകില്ല. താങ്കളുടെ പക്കല് പത്രക്കാര് തന്നെ സ്വതവേ വന്ന് പത്രങ്ങളില് കൊടുക്കുന്നതാണ്. ടി.വി യില് കാണിക്കും ബ്രഹ്മാകുമാരീസാണ് ലോകത്തില് വെച്ച് സമ്പന്നരെന്ന്. എന്തുകൊണ്ടെന്നാല് എന്ത് തന്നെ സംഭവിച്ചാലും താങ്കളുടെ മുഖം എപ്പോഴും തിളങ്ങിക്കൊണ്ടിരിക്കുമല്ലോ. ഒരു ദിവസം മുഴുവനും കഴിക്കാന് ഭക്ഷണം ലഭിച്ചില്ലെങ്കിലും താങ്കളുടെ മുഖം എപ്പോഴും തിളങ്ങിക്കൊണ്ടിരിക്കുമല്ലോ. അപ്പോള് നാനാവശത്തും ദുഃഖമുണ്ടെങ്കിലും താങ്കള് സന്തോഷത്തില് നൃത്തം വെച്ചുകൊണ്ടിരിക്കും. ഇതിനെയാണ് പറയുന്നത്, പൂച്ചകള്ക്ക് വിളയാട്ടം എലികള്ക്ക് പ്രാണ വേദന. അതാണ് ബാപ്ദാദ പറഞ്ഞത് ഏത് ബ്രാഹ്മണാത്മാക്കള്ക്കാണോ സത്യതയുള്ളത്, ബ്രാഹ്മണജീവിതത്തില് ശ്രേഷ്ഠ ലക്ഷ്യമുള്ളവര് അവരുടെ വിശേഷതയാണ് പ്രസന്നത. ആരെങ്കിലും ആക്ഷേപിക്കുകയാണെങ്കില് പോലും താങ്കളുടെ മുഖത്ത് ദുഃഖത്തിന്റെ അലള് വരരുത്. പ്രസന്ന ചിത്തരായിരിക്കണം. അങ്ങനെയെങ്കില് ആക്ഷേപിക്കുന്നവരും ക്ഷീണിച്ചു പോകും. എന്താ സാധിക്കുമോ? അല്ലാതെ ഇങ്ങനെയാകരുത്, അവര് ഒരു മണിക്കൂര് സംസാരിച്ചു, ഞങ്ങള് കേവലം ഒരു സെക്കന്റല്ലേ പറഞ്ഞുള്ളൂ. സെക്കന്റ് മാത്രമേ പറഞ്ഞുള്ളൂ അഥവാ ചിന്തിച്ചുള്ളൂ എങ്കിലും മുഖത്ത് അപ്രസന്നത വന്നാല് തോറ്റു പോയി. ഇത്രയും ഞാന് സഹിച്ചില്ലേ, ഒരു മണിക്കൂര് സഹിച്ചു, പിന്നീട് ബലൂണില് നിന്നും കാറ്റ് പുറത്തേക്കു പോയതു പോലെ പൊട്ടിത്തെറിച്ചു. അപ്പോള് ഗ്യാസുള്ള ബലൂണായി മാറരുത്. എന്താണ് നമുക്ക് വേണ്ടത്? ബാബയെ ലഭിച്ചു അര്ത്ഥം സര്വ്വതും ലഭിച്ചു. ഈ പാട്ടല്ലേ പാടിക്കൊണ്ടിരിക്കുന്നത്. അപ്പോള് അങ്ങനെയുള്ള സമയങ്ങളില് ഇതുപോലെ സന്തോഷം നല്കുന്ന കാര്യങ്ങള് ഓര്മ്മയില് വെക്കുകയാണെങ്കില് മുഖം മാറുകയില്ല. അല്ലാതെ അവര്ക്കു മുന്നില് ഉറക്കെ ചിരിക്കണമെന്നല്ല അതിനര്ത്ഥം. അപ്പോള് അവര് ഒന്നു കൂടി ചൂടാകും. പ്രസന്നത അര്ത്ഥം ആത്മീയ പുഞ്ചിരി. പുറമെയുള്ള പുഞ്ചിരിയല്ല ആത്മീയ പുഞ്ചിരി. അപ്പോള് ഇന്ന് എന്ത് പാഠമാണ് പക്കാ ആക്കിയത്? സദാ അപ്രസന്നതയില് നിന്നും മുക്തവും പ്രസന്നതാ യുക്തവും. ഡബിള്. മനസ്സിലായോ? ശരി.

നാനാവശത്തുമുള്ള ബാപ്ദാദയുടെ പ്രേമസ്വരൂപരായ ആത്മാക്കള്ക്ക്, സദാ സ്വയത്തെ അപ്രസന്നതയില് നിന്നും മുക്തമാക്കുന്ന, തീവ്രപുരുഷാര്ത്ഥികളായ ആത്മാക്കള്ക്ക്, സദാ ഓര്മ്മയുടെയും സേവനത്തിന്റെയും ബാലന്സിലൂടെ, സേവനത്തിന്റെ സഫലത പ്രാപ്തമാക്കുന്ന ഭാഗ്യശാലികളായ ആത്മാക്കള്ക്ക്, സദാ ബാബയെ പ്രത്യക്ഷമാക്കുന്ന ഉണര്വ്വിലും ഉത്സാഹത്തിലുമിരിക്കുന്ന ദേശ-വിദേശത്തിലെ സര്വ്വ കുട്ടികള്ക്കും, ബാബയ്ക്ക് തന്റെ സന്തോഷ വാര്ത്തകള് എഴുതുന്ന, തന്റെ സേവനം ഉണര്വ്വോടെ ചെയ്യുന്ന, ബാബയുടെ സദാ സ്നേഹിയും സമീപത്തുമിരിക്കുന്ന, കുട്ടികള്ക്ക് ബാപ്ദാദയുടെ സ്നേഹസ്മരണകളും നമസ്കാരവും.

വരദാനം :- അഖണ്ഡ സ്മൃതിയിലൂടെ വിഘ്നങ്ങളോട് വിടപറയുന്ന മാസ്റ്റര് സര്വ്വശക്തനായി ഭവിയ്ക്കട്ടെ

സംഗമയുഗം വിഘ്നങ്ങളോട് വിടപറയുന്ന യുഗമാണ്. ഏതൊന്നിനെയാണോ അരകല്പത്തേക്ക് വിടപറഞ്ഞു കഴിഞ്ഞത്, അതിനെ വീണ്ടും വരാന് അനുവദിക്കരുത്. സദാ ഓര്മ്മയില് വെയ്ക്കു ഞാന് വിജയി രത്നമാണ്. മാസ്റ്റര് സര്വ്വശക്തനാണ്, ഈ സ്മൃതി അഭണ്ഡമായിരിക്കുകയാണെങ്കില്, ശക്തിശാലി ആത്മാവിനു മുന്നില് മായയുടെ വിഘ്നത്തിന് വരാന് സാധിക്കില്ല. വിഘ്നം വന്നു പിന്നീട് അതിനെ അകറ്റി എങ്കില്, അഖണ്ഡവും ദൃഢവുമെന്ന് പറയില്ല. അതിനാല് സദാ എന്ന വാക്കില് ശ്രദ്ധ നല്കൂ. സദാ ഓര്മ്മയിലിരിക്കുന്നതിലൂടെ സദാ നിര്വ്വിഘ്നമായിരിക്കുന്നതാണ്. വിജയത്തിന്റെ പെരുമ്പറ മുഴങ്ങിക്കൊണ്ടിരിക്കും.

സ്ലോഗന് :- ഈശ്വരീയ സേവനത്തില് സ്വയത്തെ ഓഫര് ചെയ്യുന്നതിലൂടെ തന്നെയാണ്, ബാപ്ദാദയുടെ അംഗീകാരം ലഭിക്കുക.